C 24800 (Pages : 2) Name..................................

Reg. No..................................

# SECOND SEMESTER B.A. DEGREE EXAMINATION, MAY 2017

(CUCBCSS-UG)

Core Course—Malayalam

## MAL 2B 02—മലയാള ചെറുകഥാസാഹിത്യം

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'കടൽത്തീരത്ത് 'എന്ന കഥ എഴുതിയതാര് ?

2 'ദ്വാരക' എന്ന കഥയിൽ പരാമർശിക്കുന്ന കപ്പലിന്റെ പേരെന്ത് ?

3 'ആരോഗ്യനികേതനം' എന്ന നോവലിലെ പ്രധാന കഥാപാത്രം ആരാണ് ?

4 'അയാളുടെ കല്പനപോലും എനിക്ക് ലംഘിക്കുവാൻ കഴിവില്ലായിരുന്നു'—ആരുടെ കല്പന ?

5 'അതുമായി കമ്പയർ ചെയ്താൽ ഇത് വെറുമൊരു ലഞ്ചല്ല'—ഏതുമായി കമ്പയർ ചെയ്താൽ ?

6 'അയൽവീട്ടിലെ നായ് ചരമഗീതം പാടി. ചന്ദ്രന്റെ മുഖം വിളറി'—ഏതു കഥയിലെ വാക്യം ?

7 'നിന്റെ ഓർമ്മയ്ക്ക്' എന്ന പ്രസിദ്ധ കഥയെഴുതിയതാര് ?

8 'നിങ്ങളുടെ ദ്വീപിൽ റഫ്യൂജികളെ വല്ലാതെ ദ്രോഹിക്കുന്നുണ്ട്'—ആരാണിങ്ങനെ പറഞ്ഞത് ?

9 'ആ കുഞ്ഞ് ഈ ചോരയ്ക്കെല്ലാം ഉത്തരം പറയേണ്ടേ'—ഇവിടെ പരാമർശിക്കുന്ന കുഞ്ഞ് ആരാണ് ?

10 'ഭൂമിയുടെ അവകാശികൾ' എന്ന കഥയെഴുതിയത് ആരാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 'ആളിക്കത്തുന്ന തീയിലാണ് ഞാൻ. തിളച്ചുമറിയുന്ന നെയ്യിലാണ് ഞാൻ'—സന്ദർഭം വിശദമാക്കുക.

12 'അമ്പലത്തിന് തീവയ്ക്കാൻ പറഞ്ഞ പാർട്ടിയാ, അതും പത്തെഴുപതു കൊല്ലം മുൻപ് '' —ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

13 എന്തുകൊണ്ടാണ് തടവുകാർ ടൈഗറിനെ വെറുത്തത് ?

14 'അപ്പോഴാണ് മറ്റൊരു പ്രശ്നത്തിന്റെ തീക്കണ്ണുകൾക്കു മുമ്പിലകപ്പെടുന്നത്'—എന്തായിരുന്നു പ്രശ്നം ?

15 'എനിക്കാദ്യം കുറച്ചു കിടുവിറയുണ്ടായിരുന്നു എങ്കിലും, വേഗത്തിൽ ധൈര്യം അവലംബിച്ചു ഞാനും കയറ് പിടിച്ചുതാണു'—സന്ദർഭമേത് ? വ്യക്തമാക്കുക.

(5 × 2 = 10 marks)

Turn over

III. 150 വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 'ചോലമരങ്ങൾ' എന്ന കഥയുടെ ഇതിവൃത്തം ചുരുക്കിയെഴുതുക.

17 'ആ നിൽപ്പിൽ അയാളുടെ മനസ്സിലേക്ക് ഓർമ്മകൾ ആകാശമരീചികയിലെ കരിക്കിൻ തൊണ്ടുകളെ പോലെ ഓരോന്നായി വരികയായി'—സന്ദർഭം വിവരിക്കുക.

18 'അവൾ കൈനീട്ടി അയാളുടെ കാൽമുട്ടുകളിൽ തൊട്ടുകൊണ്ടു പറഞ്ഞു : നമുക്ക് രക്ഷകന്മാരെ വേണം. ചോരയിലൂടെയോ, പ്രതാപത്തിലൂടെയൊ അവർ വരട്ടെ'—ആരുടെ വാക്കുകൾ ? സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

19 'ഒരാൾക്കിഷ്ടമില്ലെങ്കിലും ഉണ്ടെങ്കിലും മഴ പെയ്യില്ലേ. വെയിലുണ്ടാകുന്നില്ലേ. അതുപോലെ അനിവാര്യമായ, അലംഘനീയമായ.....'—ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

20 'ആർക്കറിയാം' എന്ന കഥയെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

21 'മകൻ' എന്ന കഥ അവതരിപ്പിക്കുന്ന പ്രധാന വിഷയമെന്താണ് ? വിവരിക്കുക.

22 'തല്പം' എന്ന കഥ അവതരിപ്പിക്കുന്ന വിഷയത്തിന്റെ പ്രാധാന്യം വിശദമാക്കുക.

(5 × 5 = 25 marks)

IV. 300 വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 'ശിലാലിഖിതം' എന്ന കഥയ്ക്ക് ആസ്വാദനം എഴുതുക.

24 കാരൂരിന്റെ കഥനവൈഭവം 'ഉതുപ്പാന്റെ കിണറി'നെ ആസ്പദമാക്കി വിവരിക്കുക.

25 'ചരിത്രപുരുഷൻ' എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകത വിശദമാക്കുക.

26 ആധുനിക മലയാള ചെറുകഥയുടെ എന്തെല്ലാം പ്രത്യേകതകളാണ് 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' എന്ന കഥയിലുള്ളത് ? വിവരിക്കുക.

27 പ്രിയ എ.എസ്. ന്റെ കഥകളുടെ പ്രത്യേകതകൾ 'ദാ നോക്കൂ ഒരു പല്ലി' എന്ന കഥയെ ആധാരമാക്കി ഉപന്യസിക്കുക.

28 ദലിത് ആഖ്യാനത്തിലെ വേറിട്ട ശബ്ദമാണ് 'ഭ്രാന്ത് ' എന്ന കഥയിൽ ദർശിക്കാൻ കഴിയുന്നത് —സമർത്ഥിക്കുക.

(4 × 10 = 40 marks)